
**Athmaraksha.org**

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധ കൊൺറാഡ്



പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിലുള്ള ജർമ്മനിയിലെ അൾത്തോത്തിങ് ദൈവാലയത്തിൽ വാതിൽക്കാവൽക്കാരനായിരുന്ന വി. കൊൺറാഡ്. പ്രൊട്ടസ്റ്റന്റ് നവീകരണ കാലത്ത് കത്തോലിക്കരുടെ ആരാധനാകേന്ദ്രങ്ങളെല്ലാം ആക്രമിക്കപ്പെട്ടിരുന്നു. പ്രത്യേകിച്ച് പരിശുദ്ധ അമ്മയുടെ നാമത്തിലുള്ള തീർത്ഥാടനകേന്ദ്രങ്ങൾ. അൾത്തോത്തിങ്ങിലെ പരിശുദ്ധ ദൈവമാതാവിന്റെ നാമധേയത്തിലുള്ള ദേവാലയം യൂറോപ്പിലെ തന്നെ ഏറ്റവും പുരാതനമായ മരിയൻ തീർത്ഥാടനകേന്ദ്രങ്ങളിലൊന്നാണ്. ഫ്രാൻസിസ്കൻ സന്യാസികളായിരുന്ന ഈ തീർത്ഥാടനകേന്ദ്രത്തിലെത്തുന്നവരുടെ ആത്മീയ ആവശ്യങ്ങൾ നിറവേറ്റിക്കൊടുത്തിരുന്നത്. 1802 ൽ കപ്പൂച്ചിൻ സന്യാസികൾ ഇവിടെയെത്തി ദൈവാലയത്തിന്റെ ചുമതല ഏറ്റെടുത്തു. അവരിൽ ഒരാളായിരുന്ന കൊൺറാഡ് തീർത്ഥാടന കേന്ദ്രത്തിലെ വാതിൽക്കാവൽക്കാരനായി നിയോഗിക്കപ്പെട്ടു. ആ ജോലി ഭംഗിയായി നിർവഹിക്കുകയും വിശുദ്ധ ജീവിതം നയിക്കുകയും ചെയ്ത അദ്ദേഹത്തെ തിരുസ്സഭ പിന്നീട് വിശുദ്ധരുടെ ഗണത്തിലേക്കുയർത്തി.

വെറും വാതിൽക്കാവൽക്കാരനായി വർഷങ്ങൾ ചിലവഴിച്ച ഒരു കപ്പൂച്ചിൻ സന്യാസി അത്ഭുതകരമായ വിശുദ്ധ ജീവിതത്തിന്റെ ഉടമയായിരുന്നു. ജീവിക്കുന്ന ദൈവം നമ്മുടെ വിശ്വാസത്തെ ഉറപ്പിക്കുന്നതിനും സ്ഥിരീകരിക്കുന്നതിനുമായി അനേകം അത്ഭുതങ്ങൾ ഇവിടെ പ്രവർത്തിച്ചിട്ടുണ്ട്. രോഗികൾ സുഖമായതിന്റെയും വലിയ മാനസാന്തരങ്ങൾ സംഭവിച്ചതിന്റെയും പട്ടാളക്കാർ വഴിമാറിപ്പോയതിന്റെയും ചുവർചിത്രങ്ങൾ അവിടെ കാണാം. ദൈവസാന്നിധ്യത്തെ സ്ഥിരീകരിക്കുവാനായി ദൈവം പ്രവർത്തിച്ച അത്ഭുതങ്ങളുടെ നീണ്ട നിരയാണത്. വിശുദ്ധരെല്ലാം പ്രാർത്ഥനയുടെ മനുഷ്യരായിരുന്നു. അവരുടെകൂടെ ദൈവം നടന്നു. ആ ദൈവസാന്നിധ്യത്തിന്റെ അടയാളമായി ഇന്നും അവിടെ അനേകം അത്ഭുതങ്ങൾ സംഭവിക്കുന്നു. ലോകമഹായുദ്ധകാലത്ത് ജർമ്മൻനാസികൾ യഹൂദരെ കൂട്ടക്കൊലചെയ്യുന്ന കഥ മാത്രമേ നാം കേട്ടിട്ടുള്ളൂ. എങ്കിലും അനേകം ജർമ്മൻ പട്ടാളക്കാർ നിർദ്ദയരായി ഇവിടെ, സ്വന്തം ദേശത്ത് മരിച്ചുവീണതിന്റെ കഥയും ജർമ്മനിക്ക് പറയുവാനുണ്ട്. അവരിൽ പലരും കത്തോലിക്കരായിരുന്നു. വധശിക്ഷ അവർ ഏറ്റുവാങ്ങുവാനുള്ള കാരണം മറ്റൊന്നുമായിരുന്നില്ല, അവർ നിർദ്ദയമായി യുദ്ധം ചെയ്യുവാൻ തയ്യാറല്ലായിരുന്നു എന്നതു തന്നെ. ഒരു പട്ടാളക്കാരൻ അനീതിയും കൊലപാതകവും ചെയ്യില്ലെന്ന് വാശിപിടിച്ചാൽ അടുത്തദിവസം അവരെ വധിക്കുകയായിരുന്നു പതിവ്. അങ്ങനെ തങ്ങളുടെ വിശ്വാസം കാത്തുസൂക്ഷിക്കുന്നതിനായി മരിച്ചു വീണ എത്രയോ പട്ടാളക്കാർ. ജീവനും

മരണത്തിനും മധ്യേ പലരും ദൈവമാതാവിന്റെ സഹായം തേടി. അമ്മ അവരെ സഹായിക്കാനെത്തിയതിന്റെ സാക്ഷ്യങ്ങളാണ് ഈ ദേവാലയത്തിന്റെ ചുവരുകളെ അലങ്കരിക്കുന്നത്.

1818 ൽ ബവേറിയയിലെ ഒരു കൊച്ചുഗ്രാമത്തിലാണ് കൊൺറാഡിന്റെ ജനനം. 1849 ൽ മുപ്പത്തിയൊന്നാമത്തെ വയസ്സിൽ തന്റെ പിതൃസ്വത്ത് കുടുംബത്തെ ഏൽപിച്ച് അൾത്തോത്തിങ്ങിലുള്ള കപ്പൂച്ചിൻ സന്യാസാശ്രമത്തിൽ അദ്ദേഹം അംഗമായി ചേർന്നു. വിശുദ്ധ കുർബാനയോടുള്ള കൊൺറാഡിന്റെ സ്നേഹം അതിശയകരമായിരുന്നു. കപ്പൂച്ചിൻ സന്യാസിയായിരുന്നുവെങ്കിലും അദ്ദേഹം ഒരു വൈദികനായിരുന്നില്ല. എന്നാൽ നാൽപ്പത്തൊന്ന് വർഷം തുടർച്ചയായി അൾത്തോത്തിങ്ങിലെ ദൈവാലയത്തിൽ വിശുദ്ധബലിയിൽ വൈദികനെ സഹായിച്ചിരുന്നത് കൊൺറാഡാണ്. വലിയ വിദ്യാഭ്യാസവും അറിവുമൊന്നുമില്ലാതിരുന്ന വി. കൊൺറാഡ് എല്ലായ്പ്പോഴും പറയുമായിരുന്നു 'കുരിശാണ് എന്റെ പാഠപുസ്തകം'. ഈ പുസ്തകത്തിൽനിന്ന് ധാരാളം കാര്യങ്ങൾ കൊൺറാഡ് എളുപ്പത്തിൽ മനസ്സിലാക്കി. ക്രൂശിതരൂപത്തെ പാഠപ്പുസ്തകമാക്കിയാൽ ഒരു വ്യക്തിക്ക് എളുപ്പത്തിൽ വിശുദ്ധനാകാം. കാരണം അത് കറയില്ലാത്ത സ്നേഹത്തിന്റെ കഥയാണ്. ലോകത്തിലെ മുഴുവൻ അറിവുമുള്ള ഒരു വ്യക്തി മനസ്സിലാക്കുന്നതിനെക്കാൾ തെളിമയോടുകൂടി കുരിശിനെ നോക്കി ഒരാൾക്ക് ജീവിതത്തെ പഠിക്കാനും ഉൾക്കൊള്ളാനുമാകും. കാരണം മറ്റൊന്നുമല്ല, ക്രൂശിതരൂപം നമുക്ക് അറിവ് മാത്രമല്ല പകർന്നു തരുന്നത്. സ്നേഹത്തിന്റെ ജീവിതം നയിക്കുവാനുള്ള ശക്തികൂടിയാണ്.

കുരിശാണ് എന്റെ പുസ്തകം എന്നു പറയുമ്പോൾ സഹനത്തെക്കുറിച്ച് മാത്രമാണ് അത് സംസാരിക്കുന്നതെന്ന് ചിന്തിക്കരുത്. യഥാർത്ഥ സ്നേഹത്തെക്കുറിച്ചാണ് കുരിശ് സംസാരിക്കുന്നത്. അതിൽ സഹനങ്ങളും വേദനകളും സന്തോഷവും ആനന്ദവും ഒക്കെയുണ്ടാവും. ചെറുപ്രായം മുതൽ അത്ഭുതകരമായ വിശുദ്ധ ജീവിതമാണ് കൊൺറാഡ് നയിച്ചിരുന്നത്. ചെറുപ്പത്തിൽ ദൈവാലയം തുറക്കുന്നതിന് മുൻപേ അവിടെയെത്തി മുട്ടിൻമേൽ നിന്ന് അവൻ പ്രാർത്ഥിക്കുമായിരുന്നു. ആദ്യകാലത്ത് അതിരാവിലെയുള്ള വിശുദ്ധ ബലിയിൽ പങ്കെടുക്കുന്നതിനായി ഇരുപത്തഞ്ചോളം കിലോമീറ്റർ നടന്നാണ് കൊൺറാഡ് ദൈവാലയത്തിലെത്തിയിരുന്നത്. അത്രയേറെ ത്യാഗങ്ങൾ സഹിച്ച് തനിക്ക് പങ്കെടുക്കുവാൻ പറ്റുന്ന ദിവ്യബലികൾ അവനെ അതിയായ സന്തോഷം കൊണ്ട് നിറച്ചു. യൗവനകാലം മുഴുവൻ തീർത്ഥാടകരെക്കൂട്ടി അവിടേക്ക് യാത്രയാകുകയായിരുന്നു കൊൺറാഡിന്റെ വിനോദം. വഴിമധ്യേ സംസാരവും ബഹളവുമൊന്നും പാടില്ല. പ്രാർത്ഥനയും ഭക്തിഗാനങ്ങളുമായിരുന്നു അവർക്ക് കൂട്ടുണ്ടായിരുന്നത്. അങ്ങനെ ചെറുപ്രായത്തിൽ തന്നെ സ്വയം വിശുദ്ധീകരിക്കുവാനും മറ്റുള്ളവരെ ദൈവത്തിലേക്ക് നയിക്കുവാനും കൊൺറാഡ് വഴികൾ കണ്ടെത്തിയിരുന്നു.

1849 ൽ അൾത്തോത്തിങ്ങിലെ കപ്പൂച്ചിൻ സന്യാസഭവനത്തിൽ കൊൺറാഡ് എത്തിച്ചേർന്നു. ഈ യുവാവിൽ എന്തോ പ്രത്യേകതതോന്നിയ അധികാരി അവനെ ഭവനത്തിൽ സ്വീകരിച്ചു. ആദ്യം പ്രധാന വാതിൽക്കാവൽക്കാരനെ സഹായിക്കുകയും പൂന്തോട്ടത്തിൽ പണിയെടുക്കുകയുമായിരുന്നു കൊൺറാഡിന്റെ ചുമതലകൾ. രണ്ടുവർഷങ്ങൾ കഴിഞ്ഞപ്പോൾ അൾത്തോത്തിങ്ങിൽനിന്ന് മറ്റൊരു ഭവനത്തിലേക്ക് കൊൺറാഡ് മാറ്റപ്പെട്ടു. അവിടെ അവന്റെ ഉത്തരവാദിത്വം പ്രായമായ ഒരു വൈദികനെ പരിചരിക്കുകയായിരുന്നു. മൂന്നുവർഷങ്ങൾക്ക് ശേഷം വീണ്ടും തിരികെ അൾത്തോത്തിങ്ങിലെത്തി. അന്നുമുതൽ മരണം വരെ നീണ്ട നാൽപത്തൊന്ന് വർഷങ്ങൾ കൊൺറാഡിന്റെ ചുമതല ഒരു വാതിൽക്കാവൽക്കാരനായി ശുശ്രൂഷ ചെയ്യുക എന്നതായിരുന്നു. വലിയ പേരും പ്രശസ്തിയും ലഭിക്കുന്ന ഒരു ജോലിയായിരുന്നില്ല ഇത്. എന്നാൽ ഈ ജോലിയിൽ വിശുദ്ധിയുടെ പരിമളം പരത്തിയ അനേകരുണ്ട്. വിശുദ്ധ അൻഡ്രേയ, വി. ഫൗസ്റ്റീന, വി. ബർണദീത്ത, വി. ജോസഫ് കുപ്പർത്തീനോ, തുടങ്ങിയവർക്ക് ലഭിച്ചിരുന്ന ജോലി വാതിൽക്കാവലായിരുന്നു. എന്നാൽ ലോകത്തിന് മുൻപിൽ അത്ര വലുതല്ലാത്ത ഈ ജോലിയിലൂടെ അവർ ദൈവത്തിന് മുൻപിൽ വലിയവരായിത്തീർന്നു.

ദൈവം ബാഹ്യമായ കാര്യങ്ങളിലല്ല ശ്രദ്ധിക്കുന്നത്, മനുഷ്യന്റെ ആന്തരിക വ്യാപാരങ്ങളിലാണ്. ആർക്കും വിശുദ്ധരാകുവാൻ സാധിക്കുമെന്നതിന്റെ വ്യക്തമായ അടയാളമാണിത്. അവിടെയെത്തിയിരുന്ന ആയിരക്കണക്കിന് തീർത്ഥാടകരുടെ ക്ഷേമം അന്വേഷിക്കുകയും അവരെ സഹായിക്കുകയും ചെയ്യുകയായിരുന്നു കൊൺറാഡിന്റെ ചുമതല. കൊൺറാഡ് അല്പം ഉൾവലിയുന്ന സ്വഭാവമുള്ള വ്യക്തിയായിരുന്നു. കുറച്ചുമാത്രം സംസാരിക്കുന്നവൻ. എങ്കിലും മറ്റുള്ളവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവരെ സഹായിക്കാൻ കൊൺറാഡ് എല്ലായ്പ്പോഴും ശ്രദ്ധിച്ചിരുന്നു. വളരെ

ലളിതമായിരുന്നു കൊൺറാഡിന്റെ സ്വഭാവം. ലൗകികകാര്യങ്ങളെക്കുറിച്ചും ലോകത്തിന്റെ വ്യാപാരത്തെക്കുറിച്ചും തീർത്തും അജ്ഞനായൊരു സന്യാസി എന്നാണ് എല്ലാവരും അദ്ദേഹത്തെ കരുതിയത്. അനേകം വ്യക്തികളുമായി ഇടപെട്ടിട്ടും ലോകത്തിന്റേതായ ഒരു സംസാരവും കൊൺറാഡിൽനിന്ന് വരുന്നില്ലെന്ന് കണ്ടപ്പോൾ എല്ലാവരും കരുതി അവന് എന്തോ കുറവുണ്ട് എന്ന്. എന്നാൽ ഉദാത്തമായ വിശുദ്ധിയുടെ പ്രതീകമായ ഒരു ലാളിത്യമായിരുന്നു അത്. ലോകത്തിനു മരിച്ച് ക്രിസ്തുവിനുവേണ്ടി മാത്രം ജീവിക്കുന്നവന്റെ, ആഴം മനസ്സിലാക്കാനാവാത്ത ഒരു അജ്ഞത. അറിയരുതാത്തത് അറിയാതിരിക്കുവാനും പറയരുതാത്തത് പറയാതിരിക്കുവാനും ചെയ്യരുതാത്തത് ചെയ്യാതിരിക്കുവാനും കാണിച്ച വലിയ വിവേകമായിരുന്നു അത് എന്ന് പിന്നീടാണ് ലോകം മനസ്സിലാക്കിയത്.

മറ്റുള്ളവരുടെ ആത്മാവിന്റെ നിജസ്ഥിതി മനസ്സിലാക്കുന്നതിനുള്ള വരം കൊൺറാഡിനുണ്ടായിരുന്നു. അൽത്തോത്തിങ്ങും യുദ്ധകാലത്ത് വലിയ ക്ഷാമത്തിലൂടെ കടന്നുപോയി. അനേകം പാവപ്പെട്ടവർ ആശ്രമത്തിലെത്തി ഭിക്ഷ യാചിച്ചിരുന്നു. എല്ലാവർക്കും കൊൺറാഡിന്റെ കരങ്ങളിൽനിന്ന് എന്തെങ്കിലും ലഭിച്ചിരുന്നു. യേശു അത്ഭുതം പ്രവർത്തിച്ചതുപോലെ ഇല്ലായ്മയിൽനിന്ന് അപ്പവും വീഞ്ഞുമൊക്കെ കൊൺറാഡ് അവരുടെ വിശപ്പ് മാറ്റുന്നതിനായി പങ്കുവച്ചു. എല്ലാവർക്കും കൊടുക്കുവാൻ എവിടെനിന്നാണ് അദ്ദേഹത്തിന് ഭക്ഷണം ലഭിച്ചിരുന്നത് എന്ന് ഇന്നും ആർക്കും അറിയില്ല. പലപ്പോഴും കൊൺറാഡ് അവരോട് പരിശുദ്ധ ദൈവമാതാവിന്റെ അത്ഭുതകരമായ തിരുസ്വരൂപത്തിന് മുൻപിൽനിന്ന് പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുമായിരുന്നു. പ്രാർത്ഥിച്ച് കഴിയുമ്പോഴേക്കും എവിടെനിന്നെങ്കിലും വിശക്കുന്നവർക്കുള്ള ഭക്ഷണവുമായി കൊൺറാഡ് എത്തുകയായി. കുട്ടികളെ കൊൺറാഡിന് വലിയ ഇഷ്ടമായിരുന്നു. യൂറോപ്പിലെ ഏറ്റവും സുപ്രധാനമായ ഒരു തീർത്ഥാടനകേന്ദ്രത്തിലെ വാതിൽക്കാവൽക്കാരനെന്ന നിലയിൽ സന്ദർശകരുടെ സംശയങ്ങൾക്ക് മറുപടി നൽകേണ്ട ചുമതലയും കൊൺറാഡിനായിരുന്നു. എല്ലായ്പ്പോഴും പ്രാർത്ഥനയിലായിരുന്ന കൊൺറാഡിന്റെ അധരങ്ങളിൽ നിന്ന് പുറപ്പെടുന്ന വചനങ്ങൾക്ക് ദൈവികസ്പർശമുണ്ടായിരുന്നു. അനേകരെ ആശ്വസിപ്പിക്കുവാനും ധാരാളംപേരുടെ സംശയങ്ങൾ ദൂരീകരിക്കുവാനും കൊൺറാഡിനായി. ഫ്രാൻസിസിന്റെ 'എല്ലായ്പ്പോഴും സുവിശേഷം പ്രസംഗിക്കുക, ആവശ്യമെങ്കിൽ മാത്രം വാക്കുകൾ ഉപയോഗിക്കുക' എന്ന ആപ്തവാക്യം അക്ഷരാർത്ഥത്തിൽ പാലിച്ചിരുന്ന വ്യക്തിയാണ് വി. കൊൺറാഡ്.

ലക്ഷക്കണക്കിന് തീർത്ഥാടകർ കൊൺറാഡിന്റെ ജീവിതകാലത്ത് അൽത്തോത്തിങ്ങിലെ മരിയൻ ദൈവാലയം സന്ദർശിച്ചിട്ടുണ്ട്. അവരെയെല്ലാം സ്വീകരിക്കുകയും അവരോട് ദൈവസ്നേഹത്തെക്കുറിച്ച് സംസാരിക്കുകയും ചെയ്യുതുവഴി അനേകരെ നന്മയിലേക്ക് നയിക്കുവാനും കൊൺറാഡിന് കഴിഞ്ഞു. ആത്മാക്കളുടെ ആവശ്യം അവർ പറയും മുൻപേ അദ്ദേഹം അറിഞ്ഞു. സൗഖ്യവും ആശ്വാസവും നൽകുന്ന ദൈവത്തിന്റെ കരങ്ങളായും കാതുകളായും കൊൺറാഡ് പ്രവർത്തിച്ചു. എളിമയും വിനയമുള്ള ആ സന്യാസി അവരുടെ ഹൃദയങ്ങൾ കീഴടക്കി. അദ്ദേഹം അവർക്കുവേണ്ടി പ്രാർത്ഥിച്ചു. പ്രാർത്ഥനാ നിയോഗങ്ങൾ പറഞ്ഞ് മടങ്ങിപ്പോയവർക്കു വേണ്ടി ദിവസവും കൊൺറാഡ് പ്രാർത്ഥിക്കുമായിരുന്നു. കാര്യങ്ങൾ സാധിച്ചോ എന്ന് പറയുവാൻ പലരും മടങ്ങിവന്നില്ല, എങ്കിലും മരണം വരെ അദ്ദേഹം തന്റെ പ്രാർത്ഥന തുടർന്നു. മരണശേഷം ലോകം അറിഞ്ഞ വസ്തുതയാണ്, കൊൺറാഡിന്റെ പ്രാർത്ഥനയ്ക്ക് ശക്തിയുണ്ട് എന്നുള്ളത്. ദിവ്യബലിയിൽ സഹായിക്കുക, കുമ്പസാരത്തിന് അവസരമൊരുക്കുക, സംഭാവനകൾ അധികാരികളെ ഏൽപിക്കുക തുടങ്ങി ധാരാളം ഉത്തരവാദിത്വങ്ങൾ കൊൺറാഡ് മടികൂടാതെ നിർവഹിച്ചിരുന്നു. എന്തു ചെയ്യുന്നു എന്നതിലല്ല, എങ്ങനെചെയ്യുന്നു എന്നതിലാണ് വിശുദ്ധ അടങ്ങിയിരിക്കുന്നത് എന്ന് നമുക്ക് ഇതിൽ നിന്ന് മനസിലാകും. രാത്രിയിൽ ഉറങ്ങുന്നതിന് പകരം പ്രാർത്ഥിക്കുവാനായിരുന്നു കൊൺറാഡിനിഷ്ടം. അധികാരികളുടെ നിർബന്ധപ്രകാരം മാത്രമാണ് അദ്ദേഹം ഉറങ്ങുവാൻ പോയിരുന്നത്.

നിശ്ശബ്ദമായിരിക്കുന്ന സമയം മുഴുവൻ ജപമാല ചൊല്ലി പ്രാർത്ഥിക്കുകയായിരുന്നു അദ്ദേഹത്തിന്റെ വിനോദം. അല്പം മാത്രം സംസാരിച്ചിരുന്ന കൊൺറാഡ് ഏറെ പ്രാർത്ഥിച്ചിരുന്നു.അതായിരുന്നു അദ്ദേഹത്തിന്റെ ജീവിതവിജയത്തിന്റെ രഹസ്യം. ഒരിക്കൽ കൊൺറാഡ് തന്റെ സുഹൃത്തിനെഴുതിയ ഒരു കത്തിൽ നാം ഇപ്രകാരം വായിക്കുന്നു "ദൈവത്തിൽ എല്ലായ്പ്പോഴും സന്തോഷം കണ്ടെത്താൻ എനിക്കാവുന്നുണ്ട്. സന്തോഷകരവും വേദനാജനകവുമായ സകലതും ഞാൻ എന്റെ സ്വർഗപിതാവിന്റെ കരങ്ങളിൽ നിന്ന് സംതൃപ്തിയോടെ സ്വീകരിക്കുന്നു. നമുക്ക് ആവശ്യമുള്ളതും ഏറ്റവും നല്ലതും

എന്താണെന്ന് ദൈവത്തിനറിയാം. അതിനാൽ ദൈവത്തിൽ ഞാൻ സന്തോഷവാനാണ്. അവിടുത്തെ സ്നേഹിക്കാൻ ഞാൻ ഏറെ ആഗ്രഹിക്കുന്നു. എന്നെ വേദനിപ്പിക്കുന്ന ഒരു കാര്യമേയുള്ളൂ. അത് ഞാൻ അവിടുത്തെ കുറച്ചുമാത്രമെ സ്നേഹിക്കുന്നുള്ളൂ എന്ന വസ്തുതയാണ്. എന്തെങ്കിലും സഹായം എനിക്ക് ആവശ്യമുണ്ടെങ്കിൽ അത് ദൈവത്തെ സ്നേഹിക്കുന്നതിനാണ്. എങ്കിലും ഞാൻ മുന്നോട്ട് പോവുകയാണ്. സ്നേഹത്തിന് അതിരുകളില്ലല്ലോ."

1894 ലായിരുന്നു കൊൺറാഡിന്റെ മരണം. സന്യാസഭവനത്തിലെ എല്ലാവരും വളരെ സ്നേഹത്തോടും ബഹുമാനത്തോടുംകൂടിയാണ് കൊൺറാഡിനെ കണ്ടിരുന്നത്. രാത്രിയും പകലും അദ്ദേഹം അവിടെയുണ്ടായിരുന്നു. സന്ദർശകരുടെ കാര്യങ്ങൾ നോക്കുക മാത്രമായിരുന്നു ജോലി. വാഴ്ത്തപ്പെട്ട ആൺഡ്രേയ നാൽപത് വർഷങ്ങളാണ് വാതിൽക്കാവൽക്കാരിയായിരുന്നത്. കൊൺറാഡ് നാൽപത്തിയൊന്ന് വർഷവും. ചെറിയ ജോലികളിലൂടെ ദൈവത്തെ മഹത്വപ്പെടുത്തിയ വലിയ വിശുദ്ധരായിരുന്നു അവർ. എളിമയുടെ ഉദാത്തമാതൃകകളായിരുന്ന അവർ തങ്ങൾ കഴിവുള്ളവരാണെന്നോ, വലിയ കാര്യങ്ങൾ ചെയ്യുവാൻ തങ്ങൾക്ക് കഴിയുമെന്നോ, ഇത്തരം താണ ജോലികൾ ചെയ്തു ജീവിതം പൂർത്തിയാക്കിയാൽ ജീവിതം ഒരു പരാജയമാകുമെന്നോ ചിന്തിച്ചില്ല. ദൈവം തങ്ങളെ ഭരമേൽപിച്ചതിനെ മുഴുഹൃദയത്തോടും പരാതിയില്ലാതെയും സ്വീകരിക്കുകയും നിറഞ്ഞ സ്നേഹത്തോടെ അവ പൂർത്തിയാക്കുകയും ചെയ്തു. ജീവിതത്തിലെ ഓരോ നിമിഷവും ദൈവത്തെ സ്നേഹിക്കുവാനായി ഉപയോഗിക്കുക. ദൈവത്തെ സ്നേഹിക്കുന്നതിന്റെ ആഴം അനുസരിച്ച് നമ്മിലൂടെ അനുഗ്രഹങ്ങൾ മറ്റുള്ളവരിലേക്ക് ചൊരിയപ്പെടും. മറ്റുള്ളവരെ നോക്കി, അവർ ചെയ്യുന്നത് നോക്കി നമ്മുടെ ജീവിതം പരാജയമായി എന്ന് വിലയിരുത്തരുത്. നാം ദൈവത്തെ സ്നേഹിക്കുന്നുവെങ്കിൽ നമ്മുടെ ജീവിതവും ഒരു ദിവസം അനേകർക്ക് അനുഗ്രഹമാക്കി ദൈവം മാറ്റും. ലഭിച്ചിരിക്കുന്ന ജീവിതാവസ്ഥയിലും ചെയ്യുന്ന ജോലിയിലും ദൈവതിരുമനസ്സ് കണ്ടെത്തുക. സന്യാസഭവനങ്ങളിലും വീടുകളിലും ലളിതമായ ജോലികൾ ചെയ്ത് സംതൃപ്തിയോടെ ദൈവതിരുമനസ്സിന് കീഴ്വഴങ്ങി ജീവിക്കുന്ന അനേകരിൽ വിശുദ്ധർ മറഞ്ഞിരിക്കുന്നുണ്ട്.

കൊൺറാഡിന്റെ മുറിയിൽ ഇന്ന് ഒരു അൾത്താര ഉയർന്നിരിക്കുന്നു. ബലിയർപ്പിക്കാൻ തക്ക പരിശുദ്ധിയുള്ള ഒരു ഇടമായി കൊൺറാഡിന്റെ മുറി മാറിയിരിക്കുന്നു. നമ്മുടെ മുറികളും നാം ജോലി ചെയ്ത സ്ഥലങ്ങളും വരും നാളുകളിൽ ദൈവത്തിന് മഹത്വം നൽകി ബലിയർപ്പിക്കപ്പെടുന്ന സ്ഥലങ്ങളായി രൂപാന്തരപ്പെടണമെങ്കിൽ, ദൈവതിരുമനസ്സിന് കീഴ്വഴങ്ങി സംതൃപ്തരായിരിക്കുക. ലഭിക്കാത്തതിനെയും നിഷേധിക്കപ്പെട്ടതിനെയും കുറിച്ചുള്ള നമ്മുടെ പരാതികൾ ഉപേക്ഷിക്കുക. 1894 ഏപ്രിൽ മാസം ഇരുപത്തിയഞ്ചാം തിയതി കൊൺറാഡ് മരിച്ചു. 1934 ലാണ് കൊൺറാഡ് വിശുദ്ധരുടെ ഗണത്തിലേക്കുയർന്നത്. കൊൺറാഡിന്റെ ചിത്രംപോലും ഇന്ന് അത്ഭുതവസ്തുവായി മാറിയിരിക്കുന്നു. ലോകം മുഴുവനും അറിയപ്പെട്ടതുകൊണ്ടോ, വലിയ കാര്യങ്ങൾ ചെയ്തതുകൊണ്ടോ അല്ല അത്. വിശുദ്ധമായ ഒരു ജീവിതം നയിച്ചതുകൊണ്ടാണ്. ദൈവത്തിന് പ്രീതികരമായ ജീവിതം നയിക്കുന്നവരെ വിശ്വാസികൾക്ക് പ്രിയമുള്ളതാക്കി മാറ്റുവാൻ ദൈവത്തിന് കഴിയും. ജർമ്മനിയിൽ ആദ്യകാലങ്ങളിൽ എടുക്കപ്പെട്ട ഫോട്ടോയും, വരയ്ക്കപ്പെട്ട എണ്ണച്ചിത്രവും കൊൺറാഡിന്റേതാണ്. ആത്മാക്കളുടെ യഥാർത്ഥ അവസ്ഥ മനസ്സിലാക്കുവാനുള്ള വരം അദ്ദേഹത്തിനുണ്ടായിരുന്നു. ഒരു മനുഷ്യന്റെ ആത്മീയ ജീവിതത്തിനും ഭൗതികജീവിതത്തിനും ഏറ്റവും അത്യാവശ്യമുള്ള ഒരു വരമാണിത്. മറ്റുള്ളവരുടെ ആത്മാവിന്റെ നിജസ്ഥിതിയറിഞ്ഞ് അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനുള്ള വരത്തിനായി നമുക്ക് പ്രാർത്ഥിക്കാം.

മരണശേഷം വെറും നാൽപത് വർഷങ്ങൾ കഴിഞ്ഞപ്പോൾ കൊൺറാഡിനെ തിരുസ്സഭ വിശുദ്ധരുടെ ഗണത്തിലേക്കുയർത്തി. ആരും അറിയാതെ ജീവിച്ചിട്ടും ഇത്രയും വേഗത്തിൽ വിശുദ്ധ പദവി സ്വന്തമാക്കിയ ചുരുക്കം ചില വ്യക്തികളിൽ ഒരാളാണ് അദ്ദേഹം. 1934 ൽ നാസിപട്ടാളത്തിനെതിരെ ലോകമെമ്പാടും പ്രതിഷേധമുയരുമ്പോൾ, രണ്ടാം ലോകമഹായുദ്ധത്തിന്റെ നടുവിൽ ജർമ്മനിയിൽ നിന്ന് ഒരു വിശുദ്ധനെ റോം പ്രഖ്യാപിച്ചതും മഹനീയ അത്ഭുതങ്ങളിലൊന്നാണ്. സാഹചര്യങ്ങൾക്കും പ്രതിസന്ധികൾക്കും വിശുദ്ധിയുടെ പരിമളത്തെയും പ്രകാശത്തെയും തടഞ്ഞുനിർത്താനാവില്ല. യുദ്ധകാലത്ത് മനുഷ്യജീവിതങ്ങൾക്ക് വിലയില്ലാതാവുന്നു. മരിക്കുന്നവരുടേയും ജീവിച്ചിരിക്കുന്നവരുടേയും കണക്കുപോലും ആർക്കും വ്യക്തമല്ല. ബന്ധങ്ങളും ഭവനങ്ങളും അറ്റുപോകുന്നു. എന്നാൽ അതിനിടയിൽ ലോകം അറിയുന്ന ഒരു ജീവിതത്തെക്കുറിച്ചുള്ള സംസാരം ഉയർന്നുകേൾക്കണമെങ്കിൽ അതിന്

എത്രമാത്രം ശക്തിയുണ്ടാവണം, ദൈവത്തോടൊത്തുള്ള ജീവിതത്തിന്റെ ശക്തിയാണത്. ഈ ലോകത്തിലെ പേരും പ്രശസ്തിയുമൊക്കെ പരിമിതമാണ്. ഇവിടെ നമുക്ക് ചെയ്യാനാവുന്നതും പരിമിതം. എന്നാൽ കൊൺറാഡിനെപ്പോലുള്ള വിശുദ്ധർ ഇന്നും ജീവിക്കുന്നതിന്റെ ധാരാളം അടയാളങ്ങൾ നമുക്ക് കാണാം.

ലോകം മഹാന്മാരെന്ന് കരുതിയവരെ ഓർമ്മിക്കാനും അവരെക്കുറിച്ച് മറ്റുള്ളവരെ ഓർമ്മിപ്പിക്കാനും പലരും കഷ്ടപ്പെടുകയാണ്. എന്നാൽ ദൈവം മഹത്തായി കരുതിയ ചില ജീവിതങ്ങളെ അവിടുന്ന് കല്ലറകൾക്കപ്പുറത്തേക്ക് വളർത്തുകയും ഉപയോഗിക്കുകയും ചെയ്യുന്നു. മാർട്ടിൻലൂഥറിന്റെ നവീകരണപ്രവർത്തനങ്ങൾക്ക് ശേഷം ആദ്യമായി ജർമ്മനിയിൽ നിന്ന് വിശുദ്ധ പദവിയിലേക്കുയരുന്ന വ്യക്തിയാണ് വി. കൊൺറാഡ്. ജപമാലയുടെയും പരിശുദ്ധ കുർബാനയുടേയും ഉപാസകനായ വി. കൊൺറാഡ് തന്നെയാണ് അവർക്കുള്ള ഉത്തരം എന്ന് ദൈവം കണ്ടിരിക്കണം. അദ്ദേഹത്തിന്റെ ജീവിതം വളരെ ലളിതമായിരുന്നു. നാൽപത്തിയൊന്നു വർഷത്തോളം വാതിൽക്കാവൽക്കാരനായി സംതൃപ്തിയോടെയുള്ള ശുശ്രൂഷ. ആത്മാക്കളുടെ അവസ്ഥയറിഞ്ഞ് അവരെ സ്നേഹിക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനുമുള്ള ഒരു മനസ്സ്. അനുദിനം ദിവ്യബലിയിൽ പങ്കെടുക്കുകയും സമയം കണ്ടെത്തി ധാരാളം ജപമാലകൾ അർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്യുവാനുള്ള തീക്ഷ്ണത. കൊൺറാഡ് ഇത്രയും ചെയ്തപ്പോൾ ദൈവം അദ്ദേഹത്തെ സ്വർഗത്തിലെ വിശുദ്ധരുടെ ഗണത്തിൽ നിത്യസന്തോഷം അനുഭവിക്കുവാൻ വിളിച്ചു.

വിശുദ്ധ കൊൺറാഡ്, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ…